**ഭരണഭാഷ-മാതൃഭാഷ**

## അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
## (ഹാജർ. എ.മുരളീധരൻ)

തിരുവനന്തപുരം
തീയതി: 15.07.2019.

നമ്പർ: 222/2017/ഇ8/ഡിപി

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിലെ സ്ഥാനക്കയറ്റം/സ്ഥലംമാറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. കേരള സർക്കാരിന്റെ 15.07.2019-ലെ 1579 നമ്പറായിട്ടുള്ള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള സെലക്ട് ലിസ്റ്റ് വിജ്ഞാപനം.
2. തിരുവനന്തപുരം മണ്ണന്തല ഗവൺമെന്റ് പ്രസ്സ് ഹെഡ് റീഡർ ശ്രീമതി രശ്മി. ആർ ന്റെ 04.04.2019 ലെ അപേക്ഷ.
3. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് ജനറൽ ഫോർമാൻ ശ്രീ. കെ.കെ. പ്രദീപ്കുമാറിന്റെ 25.05.2019 ലെ അപേക്ഷ.
4. തിരുവനന്തപുരം ഗവൺമെന്റ് സെന്റടൽ പ്രസ്സ് ഹെഡ് കംപ്യൂട്ടർ ശ്രീ. സി.കെ. പ്രേംശങ്കറിന്റെ 05.07.2019 ലെ അപേക്ഷ.

## ഉത്തരവ്

അച്ചടി വകുപ്പ് തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) ശ്രീ. എൻ. നിസ്സാർ, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ടുമാരായ ശ്രീമതി എം.എ.ബീപാത്തുകുട്ടി, ശ്രീ. ടി. വീരാൻ എന്നീ ഉദ്യോഗസ്ഥർക്ക് യഥാക്രമം 20.11.2017, 29.01.2018, 12.11.2018 എന്നീ തീയതികളിൽ ഡെപ്യൂട്ടി സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവുകളിലേക്കും തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) ശ്രീമതി ടി.കെ. നളിനി 31.05.2018 ൽ വിരമിച്ച ഒഴിവിലേക്കും തസ്തികമാറ്റം വഴി നിയമനം നടത്തുന്നതിനായി 27.03.2019ന് ചേർന്ന അസിസ്റ്റന്റ് സൂപ്രണ്ടുമാരുടെ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) യുടെ സെലക്ട് ലിസ്റ്റ്, പരാമർശം (1) പ്രകാരം അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രസ്തുത സെലക്ട്ലിസ്റ്റിലെ ജീവനക്കാർക്ക് ടി ഒഴിവുകളിലേയ്ക്ക് തസ്തിക മാറ്റം വഴി അസിസ്റ്റന്റ് സൂപ്രണ്ട് തസ്തികയിലേക്ക് താഴെ പറയും പ്രകാരമുള്ള സ്ഥാനക്കയറ്റം/സ്ഥലംമാറ്റം നിയമനം നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്/തസ്തിക/ കാര്യാലയം | സ്ഥാനക്കയറ്റം/ സ്ഥലംമാറ്റം | നിയമിക്കപ്പെടുന്ന കാര്യാലയം/തസ്തിക/ ശമ്പള സ്കെയിൽ | ഒഴിവിന്റെ വിവരം |
|---|---|---|---|---|
| 1. | ശ്രീ. കെ.കെ. പ്രദീപ് കുമാർ, ജനറൽ ഫോർമാൻ, ഗവ.പ്രസ്സ്, ഷൊർണ്ണൂർ. | സ്ഥാനക്കയറ്റം | അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) (36600-79200 രൂപ) ഗവ.പ്രസ്സ്, ഷൊർണ്ണൂർ. | ശ്രീ. ടി. വീരാന് ഡെപ്യൂട്ടി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ |
| 2. | ശ്രീ. വി. ജയകുമാർ, ഹെഡ് കംപ്യൂട്ടർ, ഗവ.പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം. | സ്ഥാനക്കയറ്റം | അസിസ്റ്റന്റ് സൂപ്രണ്ട് (36600-79200 രൂപ) സെൻട്രൽ പ്രിസൺ പ്രസ്സ്, പൂജപ്പുര, തിരുവനന്തപുരം. | അസിസ്റ്റന്റ് സൂപ്രണ്ടിന്റെ നിലവിലെ ഒഴിവിൽ |
| 3. | ശ്രീമതി രശ്മി. ആർ, ഹെഡ് റീഡർ, ഗവ.പ്രസ്സ്, മണ്ണന്തല, തിരുവനന്തപുരം. | സ്ഥാനക്കയറ്റം | അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) (36600-79200 രൂപ) ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം. | ശ്രീ. ജയിംസ് ഡേവിഡിന് ഡെപ്യൂട്ടി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ |

| | | | | |
|---|---|---|---|---|
| 4. | ശ്രീ. പ്രേംശങ്കർ. സി.കെ, ഹെഡ് കംപ്യൂട്ടർ, ഗവ. സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം. | സ്ഥാനക്കയറ്റം | അസിസ്റ്റന്റ് സൂപ്രണ്ട് (36600-79200 രൂപ) ഗവ.പ്രസ്സ്, എറണാകുളം. | ശ്രീ. കെ.ജി. ത്യാഗിയ്ക്ക് ഡെപ്യൂട്ടി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ |

ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അസിസ്റ്റന്റ് സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. കെ. കെ. പ്രദീപ് കുമാർ, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) ന്റെ ചുമതല ഏറ്റെടുക്കേണ്ടതും, തിരുവനന്തപുരം സെൻട്രൽ പ്രിസൺ പ്രസ്സിലേയ്ക്ക് അസിസ്റ്റന്റ് സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. വി. ജയകുമാർ, നിലവിൽ തിരുവനന്തപുരം സെൻട്രൽ പ്രിസൺ പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല വഹിച്ചു വരുന്ന ടി കാര്യാലയത്തിലെ ജനറൽ ഫോർമാൻ ശ്രീ. കൃഷ്ണകുമാർ. ജെ. യു യിൽ നിന്നും ചുമതല ഏറ്റെടുക്കേണ്ടതും, തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലേയ്ക്ക് അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) ആയി സ്ഥാനക്കയറ്റം ലഭിച്ച ശ്രീമതി രശ്മി. ആർ, നിലവിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ജനറൽ) ന്റെ പൂർണ്ണ അധിക ചുമതല വഹിച്ചു വരുന്ന ടി കാര്യാലയത്തിലെ ഹെഡ് കംപ്യൂട്ടർ ശ്രീമതി പ്രജിത . സി. ആർ ൽ നിന്നും ചുമതല ഏറ്റെടുക്കേണ്ടതും, എറണാകുളം ഗവൺമെന്റ് പ്രസ്സിലേയ്ക്ക് അസിസ്റ്റന്റ് സൂപ്രണ്ടായി സ്ഥാനക്കയറ്റം ലഭിച്ച ശ്രീ. പ്രേംശങ്കർ. സി.കെ, നിലവിൽ അധിക ചുമതല വഹിച്ചു വരുന്ന തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ട് (ഷിഫ്റ്റ്) ന്റെ അധിക ചുമതല ടി കാര്യാലയത്തിലെ, ജനറൽ ഫോർമാൻ ശ്രീ. എസ്. ബിനേഷ്കുമാറിന് നൽകേണ്ടതും, കൂടാതെ എറണാകുളം ഗവൺമെന്റ് പ്രസ്സിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല നിലവിൽ വഹിച്ചു വരുന്ന ടി കാര്യാലയത്തിലെ ജനറൽ ഫോർമാൻ ശ്രീ. അനസ് അലിയാറിൽ നിന്നും ചുമതല ഏറ്റെടുക്കേണ്ടതുമാണ്.

സ്ഥലംമാറ്റം/സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ അവരെ നിയമിക്കപ്പെട്ട കാര്യാലയങ്ങളിൽ ഉടനടി ജോലിയിൽ പ്രവേശിക്കണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. പ്രസ്തുത ജീവനക്കാർക്ക് നിയമാനുസൃതമായ യാത്രാബത്തയ്ക്കുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട ജീവനക്കാർക്ക്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്, ഗവ.സെക്രട്ടേറിയറ്റ്, തിരു. ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, ഫോർട്ട്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, എറണാകുളം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, ഷൊർണ്ണൂർ.
ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ), ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം
ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, മണ്ണന്തല/എറണാകുളം/ഷൊർണ്ണൂർ.
അസിസ്റ്റന്റ് സൂപ്രണ്ട്, സെൻട്രൽ പ്രിസൺ പ്രസ്സ്, തിരുവനന്തപുരം
പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സിഎ./
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./അക്കൗണ്ട്സ് ഓഫീസർ./
ഫിനാൻസ് ഓഫീസർ./സീനിയർ സൂപ്രണ്ട്./ ഓഫീസ് മാനേജർ./
ജൂനിയർ സൂപ്രണ്ട്-ഇ./ഇII/എ.I/എ.II / ജിസിപി./ഹെഡ് ക്ലാർക്ക്. ജിസിപി ./
ജിസിപി.ഇ1 സീറ്റ്./ ജിസിപി.ഇ7 സീറ്റ്./എ4 സീറ്റ്./ വെബ്സൈറ്റ്./ഫയൽ./കരുതൽ/ഫയൽ.

ഉത്തരവിൻ പ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ജെ.എസ്.